(സി) 28,25,364 (ഇരുപ്പത്തി എട്ടു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി മുന്നൂറ്റി അറുപത്തിനാല്) വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുമെന്ന് കണക്കാ യിട്ടുണ്ട്.

(ഡി) റംസാനും ക്രിസ്തുമസും പ്രമാണിച്ച് 2000 ഡിസംബർ മാസ ത്തിൽ സൗജന്യമായി വിതരണം ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള 19,500 ടൺ അരി എഫ്.സി.ഐ.-ൽ നിന്നും വാങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) റംസാനും ക്രിസ്തുമസും പ്രമാണിച്ച് സാധാരണ റേഷനു പുറമേ കാർഡ് ഒന്നിന് 2 കിലോ ഗ്രാം അധിക പഞ്ചസാര റേഷൻ കടകൾ വഴി വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

23 (*22) പാൻമസാലകൾക്ക് നിരോധനം ഏർപ്പെടുത്താൻ നിയമനിർമ്മാണം

പ്രൊഫ.സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുകയില, മയക്കുമരുന്ന് എന്നിവ ചേർത്ത പാൻമസാലകൾക്ക് നിരോധനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ എപ്പോഴെങ്കിലും നിരോധനം നിലവിലുണ്ടായി രുന്നോ എന്നറിയിക്കുമോ; എങ്കിൽ നിരോധനം പിൻവലിക്കാനുള്ള കാരണം വിശദമാക്കാമോ;

(സി) മയക്കുമരുന്നും വിഷവസ്തുക്കളും ചേർത്ത പാൻമസാലയുടെ കച്ചവടം ക്രമാതീതമായി വർദ്ധിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ഡി) എങ്കിൽ ഇവയുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) സംസ്ഥാനത്തെ സ്കൂൾ/കോളേജ് പരിസരങ്ങളിലും പാൻ മസാലകളുടെ ആകർഷണീയ പ്രദർശനവും വില്പനയും നിയന്ത്രിക്കാൻ അടിയന്തിരമായി നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) :

(എ,ബി) പുകയില ചേർത്ത് പാൻമസാല വിൽപന നടത്തുന്നത് മായം ചേർക്കൽ നിരോധനനിയമം സെക്ഷൻ 7(5) അനുസരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ നിരോധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് കേരളാ ഹൈക്കോടതിയിൽ ഒ.വി.നമ്പർ 8891 ലുണ്ടായ വിധി പ്രകാരം റദ്ദ് ചെയ്തു.

(സി) മയക്കുമരുന്നും വിഷവസ്തുക്കളും ചേർത്ത് പാൻമസാല വിൽപ്പനയ്ക്കെത്തുന്നതായി ഇതുവരെ ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ നിന്ന് തെളിയിക്കപ്പെട്ടിട്ടില്ല.

(ഡി) മായം ചേർക്കൽ നിരോധന നിയമമനുസരിച്ച് വേണ്ട ഗുണപ രിശോധന നടത്തുന്നുണ്ട്. ഫുഡ് ഇൻസ്പെക്ടർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മായം ചേർക്കൽ നിരോധന നിയമം റൂൾ 42 അനുസരിച്ച് പാൻമസാല, സുപാരി, മുതലായ വസ്തുക്കൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് മുന്നറിയിപ്പോടുകൂടി വിൽപ്പന നടത്തുന്നവയുടെ പട്ടികയിൽ വരുന്ന വസ്തുക്കളാണ്. മായം ചേർക്കൽ നിരോധന നിയമം ഭേദഗതി വരുത്തേണ്ടത് കേന്ദ്ര ഗവൺമെന്റ് ആണ്.

24 (*23) പൊതുവിതരണ കേന്ദ്രങ്ങൾ വഴി സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി റേഷൻ കടകളിൽകൂടി നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പൊതുജനങ്ങൾക്ക് മിതമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) വിലക്കയറ്റം തടയുവാൻ അരി, മണ്ണെണ്ണ, പഞ്ചസാര, ഗോതമ്പ്, മൈദ, റവ എന്നിവയ്ക്ക് പുറമേ പലവ്യഞ്ജനം, വെളിച്ചെണ്ണ, സോപ്പ് എന്നിവ കൂടി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വിലക്കയറ്റം തടയുവാനും റേഷൻ വ്യാപാരികളുടെ ക്ഷേമം ലക്ഷ്യമാക്കിയും റേഷൻ സാധനങ്ങൾക്കു പുറമേ മറ്റു നിത്യോപയോഗ സാധനങ്ങളും റേഷൻ കടകളിൽ കൂടി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വെളിച്ചെണ്ണ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലിസ്റ്റോറുകൾ വഴിയും റേഷൻ കടകൾ വഴിയും വില്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

25 (*24) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോക്ടർ കെ.സി.ജോസഫ് :
ശ്രീ.പി.സി.ജോർജ് :
ശ്രീ.ടി.എസ്.ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം കൂട്ടുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തമിഴ്നാട് സർക്കാർ ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly